ആലപ്പുഴ ജില്ലാ ഡിപ്പോയിലെ മാവേലി കസ്റ്റോഡിയനായിരുന്ന ശ്രീ. പി. പത്മകുമാർ SAI-നെ, ചാർജ് കൈമാറ്റ സമയത്ത് സ്റ്റോക്കിൽ കുറവ് കണ്ടെത്തിയതുമായി ബന്ധപ്പെട്ട് അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്ത് അന്വേഷണം നടന്നുവരികയാണ്.

(ബി) നന്മ സ്റ്റോറുകൾ ഭക്ഷ്യവകുപ്പിനുകീഴിൽവരുന്ന സ്ഥാപനമല്ല. സഹകരണ വകുപ്പിനുകീഴിൽവരുന്ന ഈ സ്ഥാപനങ്ങളിൽ സാമ്പത്തിക ബുദ്ധിമുട്ടുകളാൽ സാധനങ്ങൾ ലഭിക്കുന്നതിനുണ്ടാവുന്ന തടസ്സംകാരണം യഥാസമയം അവശ്യസാധനങ്ങൾ എത്തിക്കാൻ കഴിയുന്നില്ലായെന്ന് കൺസ്യൂമർ ഫെഡ് മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. നന്മ സ്റ്റോറുകളിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും അറിയിച്ചിട്ടുണ്ട്.

സപ്ലൈകോ മുഖേനയുള്ള നെല്ല് സംഭരണം

230(3155) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോ കർഷകരിൽനിന്നും നെല്ല് സംഭരിച്ചവകയിൽ എത്ര തുക കുടിശ്ശിക നൽകാനുണ്ടെന്ന് ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) കഴിഞ്ഞ സീസണിലെ രണ്ടാം വിളയുടെ സംഭരണവില പൂർണ്ണമായും കൊടുത്തുതീർക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(സി) കർഷകർക്ക് നൽകിയ തുകയെത്ര ; കുടിശ്ശികയായി എത്ര തുക നൽകാനുണ്ട് ;

(ഡി) നെല്ല് സംഭരിച്ച വകയിൽ സപ്ലൈകോയ്ക്ക് സർക്കാർ എത്ര തുക കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2014-15 ഒന്നാം സീസണിൽ സപ്ലൈകോ കർഷകരിൽനിന്ന് നെല്ല് സംഭരിച്ച വകയിൽ (4-12-2014) 58.63 കോടി രൂപയാണ് നൽകുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	ജില്ല	നൽകുവാനുള്ള തുക
1	ആലപ്പുഴ	301800841
2	കാസർഗോഡ്	1087788
3	കൊല്ലം	207043
4	കോട്ടയം	111464241
5	പാലക്കാട്	171292581
6	തൃശ്ശൂർ	23750
7	വയനാട്	378618
	ആകെ	586254862

(ബി) കഴിഞ്ഞ സീസണിൽ സംഭരിച്ച നെല്ലിന്റെ വില പൂർണ്ണമായും നൽകിക്കഴിഞ്ഞു.

(സി) 2013-14 രണ്ടാം സീസണിൽ സംഭരിച്ച നെല്ലിന്റെ വിലയായ 759.37 കോടി രൂപ പൂർണ്ണമായും കർഷകർക്ക് നൽകിക്കഴിഞ്ഞു.

(ഡി) നെല്ല് സംഭരണയിനത്തിൽ സപ്ലൈകോയ്ക്ക് 150.93 കോടി രൂപ സംസ്ഥാന സർക്കാരിൽനിന്നും നൽകേണ്ടതുണ്ട്. ഇതിൽ 100.62 കോടി രൂപ കഴിഞ്ഞ സീസണിൽ നെല്ല് സംഭരിച്ച ഇനത്തിൽ നൽകേണ്ടതാണ്.

കേന്ദ്ര ഭക്ഷ്യ സുരക്ഷാ നിയമം

231(3156) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഭക്ഷ്യസുരക്ഷാനിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് കാർഡുകളിൽ തരം തിരിവ് നടത്താനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ന മുതലാണ് ഇത് നടപ്പിൽ വരുത്തുവാനുദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly